5028

March 2014

Reg. No. : ..........................................

Name : ..........................................

*For Scheme I Candidates Only*

# Second Year Higher Secondary Examination

Part – III

**POLITICAL SCIENCE**

Maximum : 80 Scores

HSSLIVE

Time : 2½ Hours

Cool off time : 15 Minutes

***General Instructions to Candidates :***

- There is a 'cool off time' of 15 minutes in addition to the writing time of 2½ hrs.
- You are not allowed to write your answers nor to discuss anything with others during the 'cool off time'.
- Use the 'cool off time' to get familiar with questions and to plan your answers.
- Read questions carefully before answering.
- All questions are compulsory and only internal choice is allowed.
- When you select a question, all the sub-questions must be answered from the same question itself.
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.
- Electronic devices except non programmable calculators are not allowed in the Examination Hall.

**നിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും. ഈ സമയത്ത് ചോദ്യങ്ങൾക്ക് ഉത്തരം എഴുതാനോ, മറ്റുള്ളവരുമായി ആശയ വിനിമയം നടത്താനോ പാടില്ല.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
- ഒരു ചോദ്യനമ്പർ ഉത്തരമെഴുതാൻ തെരഞ്ഞെടുത്തു കഴിഞ്ഞാൽ ഉപചോദ്യങ്ങളും അതേ ചോദ്യ നമ്പരിൽ നിന്ന് തന്നെ തെരഞ്ഞെടുക്കേണ്ടതാണ്.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തര പേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നൽകിയിട്ടുണ്ട്.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

1. "The first Five Year Plan concentrated on the agrarian sector of our country" whether this step made any benefit on our economy ?

   Express your view on this.

   **(Scores : 2)**

2. Match the following :

| | | |
|---|---|---|
| Sant Harchand Singh Longowal | – | Mizo National Front |
| Indira Gandhi | – | Prime Minister of Kashmir |
| Lal Denga | – | Akali Dal |
| Sheik Abdullah | – | Operation Bluestar |

   **(Scores : 2)**

3. Explain the Punjab issue in the light of Ananthapur Sahib Resolution. How the issue resolved ? **(Scores : 4)**

4. Pakisthan is not a stable democratic state.

   What are reasons for the failure of Pakisthan in building a stable democracy ? **(Scores : 2)**

1. "ഒന്നാം പഞ്ചവത്സരപദ്ധതി നമ്മുടെ രാജ്യത്തിന്റെ കാർഷിക രംഗത്ത് വളരെ ശ്രദ്ധ ചെലുത്തി". ഈ നടപടി നമ്മുടെ സാമ്പത്തിക രംഗത്ത് എന്തെങ്കിലും ഗുണങ്ങൾ വരുത്തിയിട്ടുണ്ടോ ? നിങ്ങളുടെ അഭിപ്രായം വിശദമാക്കുക.

   **(Scores : 2)**

2. ചേരുംപടി ചേർക്കുക.

| | | |
|---|---|---|
| സന്ത് ഹർചന്ദ്സിങ് ലോംഗോവാൾ | – | മിസോനാഷണൽ ഫ്രണ്ട് |
| ഇന്ദിരാഗാന്ധി | – | കാശ്മീരിലെ പ്രധാനമന്ത്രി |
| ലാൽ ഡംഗ | – | അകാലിദൾ |
| ഷേയ്ഖ് അബ്ദുള്ള | – | ഓപ്പറേഷൻ ബ്ലൂസ്റ്റാർ |

   **(Scores : 2)**

3. അനന്തപൂർ സാഹിബ് പ്രമേയത്തിന്റെ വെളിച്ചത്തിൽ പഞ്ചാബ് പ്രശ്നം വിശദീകരിക്കുക. പഞ്ചാബ് പ്രശ്നം പരിഹരിച്ചതെങ്ങനെ ? **(Scores : 4)**

4. പാക്കിസ്ഥാൻ ഒരു സുസ്ഥിര ജനാധിപത്യരാഷ്ട്രമല്ല.

   സുസ്ഥിരമായ ജനാധിപത്യ സംവിധാനം പടുത്തുയർത്തുന്നതിൽ പാക്കിസ്ഥാൻ പരാജയപ്പെടാൻ കാരണമെന്തെല്ലാം ?

   **(Scores : 2)**

5. Name the member nations of SAARC. **(Scores : 2)**

6. Name the common currency of European Union. **(Score : 1)**

7. ASEAN is developing as an alternative centre of power in the present day world. Explain the objectives of ASEAN. **(Scores : 3)**

8. 'On 25th June 1975 emergency declared throughout the country.'

   Explain the circumstances which led to the declaration of emergency in the country. **(Scores : 4)**

9. 'Anti Arrack Movement in Andhra Pradesh was not a mere strike against the liquor mafia of the region, but it had wider perspectives'.

   How did the Anti-Arrack Movement contribute a great deal in increasing social awareness on women's questions ? **(Scores : 4)**

5. 'സാർക്കി'ലെ (SAARC) അംഗരാജ്യങ്ങൾ ഏതെല്ലാം ? **(Scores : 2)**

6. യൂറോപ്യൻ യൂണിയന്റെ പൊതു കറൺസിയുടെ പേര് എന്ത് ? **(Score : 1)**

7. ആധുനിക ലോകത്തിലെ ഒരു ബദൽ അധികാരകേന്ദ്രമാണ് ASEAN. ആസിയാന്റെ ലക്ഷ്യങ്ങൾ ചുരുക്കി എഴുതുക. **(Scores : 3)**

8. "1975 ജൂൺ മാസം 25-ാം തിയതി രാജ്യത്ത് അടിയന്തിരാവസ്ഥ പ്രഖ്യാപിക്കപ്പെട്ടു."

   ഇന്ത്യയെ അടിയന്തിരാവസ്ഥയിലേക്കു നയിച്ച സാഹചര്യങ്ങൾ വിശദമാക്കുക. **(Scores : 4)**

9. 'ആന്ധ്രാപ്രദേശിലുണ്ടായ ചാരായ വിരുദ്ധ സമരം മദ്യമാഫിയ്ക്കെതിരെ യുണ്ടായ ഒരു സമരം മാത്രമല്ല. മറിച്ച് ഇതിന് വിശാലമായ ഒരു വീക്ഷണകോൺ ഉണ്ടായിരുന്നു.'

   സ്ത്രീപ്രശ്നങ്ങളിൽ സാമൂഹ്യ അവബോധമുണ്ടാക്കാൻ ചാരായവിരുദ്ധ സമരം എങ്ങനെ സഹായിച്ചു ? **(Scores : 4)**

10. Name the political leader who raised the popular slogan 'Garibi Hatao'? **(Score : 1)**

11. Enumerate the strategies adopted by Mrs. Indira Gandhi to increase her popular support and to win the 1971 Lok Sabha elections. **(Scores : 4)**

12. Match the following leaders listed in **A** with the parties in list **B.**

| **A** | **B** |
|---|---|
| Acharya Narendra Dev | – Bharatiya Jan Sangh |
| EMS Namboodiripad | – Swathantratha Party |
| C. Rajagopalachary | – Communist Party |
| Syamaprasad Mukherjee | – Socialist Party |

**(Scores : 2)**

10. 'ഗരീബി ഹഡാവോ' എന്ന ജനകീയ മുദ്രാവാക്യം ഉയർത്തിയ രാഷ്ട്രീയ നേതാവിന്റെ പേരെന്ത് ? **(Score : 1)**

11. ശ്രീമതി ഇന്ദിരാഗാന്ധി തന്റെ ജനപിന്തുണ വർദ്ധിപ്പിക്കാനും 1971ലെ ലോക്സഭ തെരഞ്ഞെടുപ്പിൽ വിജയിക്കാനും അനുവർത്തിച്ച തന്ത്രങ്ങളെക്കുറിച്ച് ചുരുക്കി വിവരിക്കുക. **(Scores : 4)**

12. **A** ലിസ്റ്റിലുള്ള നേതാക്കന്മാരും **B** ലിസ്റ്റിലുള്ള രാഷ്ട്രീയ പാർട്ടികളുമായി ചേരുംപടിചേർക്കുക.

| **A** | **B** |
|---|---|
| ആചാര്യനരേന്ദ്ര ദേവ് | – ഭാരതീയ ജനസംഘ് |
| ഇ. എം. എസ്. നമ്പൂതിരിപ്പാട് | – സ്വതന്ത്രതാപാർട്ടി |
| സി. രാജഗോപാലാചാരി | – കമ്മ്യൂണിസ്റ്റ് പാർട്ടി |
| ശ്യാമപ്രസാദ് മുഖർജി | – സോഷ്യലിസ്റ്റ് പാർട്ടി |

**(Scores : 2)**

13. USA is often symbolized as the 'World Police'.

This term is used to indicate the hegemony of America in the world politics.

Explain the different dimensions of American hegemony in the international politics ? **(Scores : 6)**

14. • Gorbachev tried to democratise USSR.

• He implemented economic and political reforms in the country.

Read the above indicators and explain the role of Gorbachev to disintegrate USSR. **(Scores : 4)**

15. At the time of Independence India faced many challenges. Identify three important challenges faced by our country during independence and describe briefly on each of them. **(Scores : 4)**

16. Give a brief note on the Green Revolution and its contribution to the food security of our country.

**(Scores : 3)**

13. അമേരിക്കയെ പലപ്പോഴും 'ലോക പോലീസ് ' എന്ന് വിശേഷിപ്പിക്കാറുണ്ട്.

ഇത് ലോകരാഷ്ട്രീയത്തിൽ അമേരിക്കയുടെ സമഗ്രാധിപത്യത്തെ സൂചിപ്പിക്കാനാണ് ഉപയോഗിക്കുന്നത്.

അന്തർദ്ദേശീയ രാഷ്ട്രീയത്തിൽ അമേരിക്കൻ സമഗ്രാധിപത്യത്തിന്റെ വിവിധ തലങ്ങൾ വിശദീകരിക്കുക. **(Scores : 6)**

14. • ഗോർബച്ചേവ് USSR നെ ജനാധിപത്യവൽക്കരിക്കാൻ ശ്രമിച്ചു.

• അദ്ദേഹം രാജ്യത്ത് സാമ്പത്തിക, രാഷ്ട്രീയ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കാൻ ശ്രമിച്ചു.

മുകളിൽ പറഞ്ഞ സൂചകങ്ങളിൽ നിന്നും സോവ്യറ്റ് യൂണിയന്റെ ശിഥിലീകരണത്തിൽ ഗോർബച്ചേവിന്റെ പങ്ക് വിശദമാക്കുക. **(Scores : 4)**

15. ഭാരതത്തിന് സ്വാതന്ത്ര്യം ലഭിച്ച അവസരത്തിൽ നമുക്ക് നിരവധി വെല്ലുവിളികൾ നേരിടേണ്ടതായി വന്നിട്ടുണ്ട്. സ്വാതന്ത്ര്യത്തിന്റെ സമയത്ത് ഭാരതം നേരിട്ട മൂന്നു വെല്ലുവിളികൾ ഏതെല്ലാമാണ് ? ഓരോന്നിനെക്കുറിച്ചും വിവരിക്കുക.

**(Scores : 4)**

16. 'ഹരിതവിപ്ലവത്തെ'ക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക. ഇത് നമ്മുടെ ഭക്ഷ്യസുരക്ഷയിൽ എന്തു സംഭാവനയാണ് നൽകിയിട്ടുള്ളത് ? **(Scores : 3)**

17. Identify the person who is popularly known as the 'Milkman of India'. **(Score : 1)**

18. "Indo – China war of 1962 made many impacts in our domestic and in international politics".

On the light of the above statement briefly describe about India – China relations. **(Scores : 7)**

19. During the Cold War period the super powers made alliances with comparatively weaker states.

Identify the significance of such alliances. **(Scores : 2)**

20. After 1989, India is witnessing a politics of coalition. Analyse the merits and demerits of coalition politics practicing in India. **(Scores : 3)**

21. "Ayodhya issue created for reaching consequences"

on the light of the above statement, explain how the Ayodhya issue reflected in the Indian politics after 1990's. **(Scores : 3)**

17. 'ഭാരതത്തിന്റെ പാൽക്കാരൻ' എന്ന പേരിൽ പ്രശസ്തനായ വ്യക്തി ആരാണ് ? **(Score : 1)**

18. "1962 ലെ ഇന്ത്യ ചൈന യുദ്ധം ദേശീയ, അന്തർദേശീയ രാഷ്ട്രീയത്തിൽ നിരവധി പ്രത്യാഘാതങ്ങളുണ്ടാക്കി".

മേൽ പറഞ്ഞ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ ഇന്ത്യ-ചൈന ബന്ധത്തെ കുറിച്ച് വിശദീകരിക്കുക. **(Scores : 7)**

19. ശീതസമര കാലഘട്ടത്തിൽ വൻശക്തികൾ താരതമ്യേന ദുർബ്ബലരായ രാജ്യങ്ങളുമായി സഖ്യങ്ങളുണ്ടാക്കാൻ ശ്രമിച്ചു.

ഇത്തരം സഖ്യങ്ങൾ ഉണ്ടാക്കപ്പെട്ടതിന്റെ ആവശ്യകത തിരിച്ചറിയുക. **(Scores : 2)**

20. 1989 നു ശേഷം ഇന്ത്യയിൽ കൂട്ടുകക്ഷി രാഷ്ട്രീയമാണ് പ്രവർത്തിക്കുന്നത്. ഇന്ത്യയിൽ നിലനിൽക്കുന്ന കൂട്ടുകക്ഷി രാഷ്ട്രീയത്തിന്റെ ഗുണവും ദോഷവും അപഗ്രഥിക്കുക. **(Scores : 3)**

21. അയോദ്ധ്യാ പ്രശ്നം ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചു.

മുകളിൽ കൊടുത്തിരിക്കുന്ന പ്രസ്ഥാവനയുടെ അടിസ്ഥാനത്തിൽ അയോദ്ധ്യ പ്രശ്നം ഇന്ത്യൻ രാഷ്ട്രീയത്തിൽ 1990 കൾക്കു ശേഷം എങ്ങനെ പ്രതിഫലിച്ചു എന്ന് വിശദമാക്കുക. **(Scores : 3)**

22. UN is the world organisation constituted after the Second World War for the promotion of international peace and security.

After completing 65 years, UN needs basic reforms.

Explain in your view about the restructuring of UN. What should be the position of India, in the re-structured UN ? (Scores : 6)

23. Modern world faces new security threats. Identify four among them and give brief explanation to each of them. (Scores : 4)

24. • Globalization has its cultural consequences.

• Globalization imposes Western Culture on the rest of the world.

On the basis of the above statements explain the cultural consequences of globalization. (Scores : 3)

25. Protection of global commons is important for the existence of life in our Planet.

Explain about global commons and the efforts to preserve them. (Scores : 3)

HSSLIVE.IN

22. രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം അന്തർദേശീയ സമാധാനവും സുരക്ഷിതത്വവും ഉറപ്പാക്കാൻ വേണ്ടി രൂപീകരിക്കപ്പെട്ട ലോക സംഘടനയാണ് യു. എൻ.

65 വർഷത്തെ പ്രവർത്തനത്തിനുശേഷം UN ന് അടിസ്ഥാനപരമായ പരിഷ്ക്കാരങ്ങൾ ആവശ്യമായിരിക്കുന്നു.

യു. എൻ. പുനസംഘടനയെക്കുറിച്ച് നിങ്ങളുടെ അഭിപ്രായങ്ങൾ വിശദമാക്കുക. പരിഷ്ക്കരിച്ച യു.എന്നിൽ ഇന്ത്യയുടെ സ്ഥാനം എന്തായിരിക്കണം ? (Scores : 6)

23. ആധുനികലോകം നിരവധി പുതിയ സുരക്ഷാ ഭീഷണികൾ നേരിടുന്നുണ്ട്. ഇവയിൽ ഏതെങ്കിലും നാലെണ്ണത്തെക്കുറിച്ച് ചുരുക്കി വിവരിക്കുക. (Scores : 4)

24. • ആഗോളവൽക്കരണത്തിന് സാംസ്ക്കാരികമായ പ്രത്യാഘാതങ്ങളുണ്ട്.

• ആഗോളവൽക്കരണം പാശ്ചാത്യ സംസ്ക്കാരത്തെ ലോകത്തിന്റെ മറ്റു ഭാഗങ്ങളിലേക്ക് അടിച്ചേൽപ്പിക്കുകയാണ്.

മുകളിൽ പറഞ്ഞ പ്രസ്താവനകളുടെ അടിസ്ഥാനത്തിൽ ആഗോളവൽക്കരണത്തിന്റെ സാംസ്ക്കാരിക പ്രത്യാഘാതങ്ങളെക്കുറിച്ച് വിവരിക്കുക. (Scores : 3)

25. ആഗോളപൊതുസ്വത്തുകളെ സംരക്ഷിക്കേണ്ടത് ഭൂമിയിൽ ജീവന്റെ നിലനില്പിന് അത്യാവശ്യമാണ്.

ആഗോളപൊതുസ്വത്തിനെക്കുറിച്ചും അവയെ സംരക്ഷിക്കാനായി സ്വീകരിച്ചിരിക്കുന്ന പരിശ്രമങ്ങളെക്കുറിച്ചും വിശദീകരിക്കുക. (Scores : 3)